# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

ഉത്തരവ് നമ്പർ. ഇ.9/37883/2013 തീയതി 20 -11-2013

വിഷയം: സാമൂഹ്യ നീതി വകുപ്പ് - ജീവനക്കാര്യം - ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലെ 01-06-2012 മുതൽ 31-10-2013 വരെയുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പിൻവലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. സാമൂഹ്യനീതി ഡയറക്ടറുടെ 31-10-2013 ലെ ഇ 9/37883/2013 നമ്പർ നടപടിക്രമങ്ങൾ.

2. ജി. ഒ.(പി) 54/2010/ സാ.ക്ഷേ.വ. തീയതി 10-08-2010

3. ജി. ഒ.(പി) 78/2010/ സാ.നീ.വ. തീയതി 27-12-2012

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിൽ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലെ 01-06-2012 മുതൽ 31-10-2013 വരെയുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് പരാമർശിത ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത ലിസ്റ്റിൽ 10-08-2010 ൽ നിലവിലുണ്ടായിരുന്ന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരെ ഉൾപ്പെടുത്തിയിരുന്നില്ല എന്ന വസ്തുത ചൂണ്ടിക്കാട്ടി ഒരു വിഭാഗം ജീവനക്കാർ പരാതിപ്പെടുകയുണ്ടായി. കൂടാതെ സീനിയോറിറ്റിലിസ്റ്റിലെ കാലയളവ് മുൻപ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിന്റെ തുടർച്ചയായിട്ടല്ല നൽകിയിട്ടുള്ളത് എന്നതും ശ്രദ്ധയിൽപ്പെടുകയുണ്ടായി.

മേൽ സാഹചര്യത്തിൽ പരാമർശം (1) ലെ നടപടിക്രമങ്ങൾ പ്രകാരം പ്രസിദ്ധീകരിച്ച ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III / ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ തസ്തികയിലെ 01-06-2012 മുതൽ 31-10-2013 വരെയുള്ള താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് റദ്ദ് ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

സാമൂഹ്യ നീതിഡയറക്ടർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്